# പതിമൂന്നാം കേരള നിയമ സഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2611 — 14.12.2015 ൽ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ എ എ അസീസ് | ശ്രീ വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

## ഹോമിയോ ഡീ അഡിക്ഷൻ സെന്ററുകൾ

| ചോദ്യം | മറുപടി |
| --- | --- |
| എ) ഹോമിയോ വകുപ്പിന്റെ കീഴിൽ ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | എ) ഹോമിയോ വകുപ്പിന്റെ കീഴിൽ ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ ജില്ലാ ഹോമിയോ ആശുപത്രികളിലും ഡീ-അഡിക്ഷൻ സെന്ററിന്റെ സേവനം നിലവിൽ ലഭ്യമാണ്. |
| ബി) പ്രസ്തുത സെന്ററുകളിൽ കിടത്തി ചികിത്സ ഉണ്ടോയെന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | ബി) പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം ലഭ്യമാണ്. ജില്ലാ ഹോമിയോ ആശുപത്രികളിൽ സീതാലയം എന്ന പദ്ധതിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഡീ.അഡിക്ഷൻ സെന്ററുകളിൽ ഹോമിയോപ്പതി മരുന്നുകളിലൂടെയുള്ള ആതുര സേവനത്തിനു പുറമേ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് തുടങ്ങിയവയുടെ കൗൺസിലിംഗും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ